**22U234** (Pages: 2) Name: ………………………

Reg. No: ……………………

**SECOND SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, APRIL 2023**

(CBCSS – UG)

(Regular/Supplementary/Improvement)

**CC19U MAL2 A08(1) – മലയാള സാഹിത്യം – II**

(Malayalam – Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

**Section A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

1. "സന്തതം മിഹിരനാത്മശോഭയും,
   സ്വന്തമാം മധു കൊതിച്ച വണ്ടിനും,
   ചന്തമാർന്നരുളി നിൽക്കുമോമലേ,
   ഹന്ത ! ധന്യമിഹ നിന്റെ ജീവിതം!" – ആരുടെ ചിന്തയാണ്? സന്ദർഭം ഏത്?
2. "പിരികയാണിതാ, ഞാനൊരധഃകൃതൻ
   കരയുവാനായ് പിറന്നൊരു കാമുകൻ" – ആശയം വ്യക്തമാക്കുക.
3. ഇടപ്പള്ളി കവികൾ എന്നറിയപ്പെടുന്നതാരെല്ലാം ?
4. സൂതകുമാരൻ കൊമ്പുള്ള കുതിരയെ സൃഷ്ടിക്കുന്നതെങ്ങനെ ?
5. ഭീഷ്മരോട് പകരം ചോദിക്കണമെന്ന് അംബ തീരുമാനിക്കാനുള്ള കാരണമെന്ത് ?
6. "ഞാനിരിക്കുന്നു മ്ലാനൻ താടിക്കുകയ്യും കുത്തി;". ആശയം വ്യക്തമാക്കുക.
7. സാല്വൻ അംബയെ ഉപേക്ഷിക്കുവാനുള്ള കാരണം എന്ത്?
8. വാർദ്ധക്യത്തിന്റെ അവസ്ഥകളെ 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ എപ്രകാരമാണ് ആവിഷ്കരിച്ചിരിക്കുന്നത്?
9. 'മേൻ'എന്ന് പറഞ്ഞാൽ സ്ത്രീകൂടി അതിൽ ഉൾപ്പെടുകയില്ലേ; അതിൽ എന്താണ് തെറ്റ് വിശദമാക്കുക.
10. രേണുക കൊല്ലപ്പെടാനുണ്ടായ സാഹചര്യം എന്ത്?
11. കുമാരനാശാന്റെ നാല്ല കൃതികളുടെ പേര് എഴുതുക.
12. രാജലക്ഷ്മിയെ ആത്മഹത്യയിലേക്ക് നയിച്ച കാരണത്തെക്കുറിച്ച് കെ പി അപ്പന്റെ നിരീക്ഷണം എന്തായിരുന്നു ?
13. സൂതകുമാരൻ കുതിരക്കൊമ്പുകൾ തേടിയലഞ്ഞത് എവിടെയെല്ലാമാണ്?
14. "മാമക പ്രേമം നിത്യമൂകമായിരിയ്ക്കട്ടെ,
    കോമളനവിടുന്നതൂഹിച്ചാലൂഹിക്കട്ടെ" – വക്താവ് ആര് ? വിവക്ഷിതമെന്ത് ?
15. നോവലിന്റെ വളർച്ചയെ സ്വാധീനിച്ച ഘടകങ്ങൾ എന്തെല്ലാം ?

**(Ceiling: 25 Marks)**

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ചുമാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

16. ഭൂതവർത്തമാന കാലങ്ങളെ സമന്വയിപ്പിക്കുന്ന കവിതയാണ് സാവിത്രി രാജീവന്റെ 'അമ്മയെ കുളിപ്പിക്കുമ്പോൾ'. വിശദമാക്കുക.
17. ആത്മാനുരാഗത്തിന്റെ പ്രതീകമാണ് 'സൂര്യകാന്തി' –വ്യാഖ്യാനിക്കുക.
18. മഹാഭാരതത്തിലെ ശാകുന്തളോപാഖ്യാനത്തിന്റെ പൊരുൾ എന്ത്?
19. 'കുതിരക്കൊമ്പ്'ഒരു അസംബന്ധ കവിതയാണ്. വ്യക്തമാക്കുക.
20. 'ഈഡിപ്പസും പരശുരാമനും ഒരേ നാണയത്തിന്റെ രണ്ടു പുറങ്ങളാണ്'' ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.
21. ഇടപ്പള്ളിയെ 'കാല്പനികവാദിയായ അന്യൻ '(Romantic Outsider) എന്ന് വിശേഷിപ്പിക്കാനുള്ള കാരണമെന്ത്?
22. ചന്തുമേനോന്റെ നോവലുകളുടെ സാമൂഹിക പ്രസക്തി പരിശോധിക്കുക.
23. 'ചിത്തവൃത്തി നിരോധം ചെയ്ത യോഗികളെപ്പോലും രൂപാന്തരങ്ങളിലൂടെ ദുർമാർഗ്ഗത്തിലേയ്ക്ക് വലിച്ചിഴയ്ക്കാൻ അംബയുടെ രൂപലാവണ്യത്തിന് സാധിച്ചു' എന്ന മാരാരുടെ പ്രസ്താവന ശരിയോ ? വ്യക്തമാക്കുക.

**(Ceiling: 35 Marks)**

## Section C

III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. കാളിദാസനും കാലത്തിന്റെ ദാസനാണെന്ന് മുണ്ടശ്ശേരിയുടെ അഭിപ്രായം സ്വീകാര്യമാണോ പരിശോധിക്കുക.
25. മരണത്തിന്റെ സൗന്ദര്യം എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.
26. താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്നിനെ കുറിച്ച് ഉപന്യസിക്കുക.
    (i) സാമൂഹിക മാധ്യമങ്ങളും മനുഷ്യബന്ധങ്ങളും
    (ii) പരിസ്ഥിതി സംരക്ഷണവും യുവതലമുറയും
27. 'കലോപാസകൻ കാലത്തിത്തിന്റെ കൂടി ഉപാസകൻ ആകണം' കവിതയെ മുൻനിർത്തി ചർച്ചചെയ്യുക.

**(2 × 10 = 20 Marks)**

*******